ഒരു പുതുവത്സര സന്ദേശം

# ജീവിക്കുന്നവരെ ചിന്തിക്കൂ, ഇതാണാ നിമിഷം...

**സുധീർ പണിക്കവീട്ടിൽ**

എന്നാണു് പുതുവർഷം എന്ന സംശയം ആർക്കുമില്ല. എന്നാൽ ഇന്നത്തെപോലെ വർഷാരംഭം ജനുവരി ഒന്നിനു ആരംഭിക്കുന്നതിനു മുമ്പ് അതാഘോഷിച്ചിരുന്നത് മാർച്ച് ഒന്നിനായിരുന്നു. അന്നു ഒരു വർഷത്തിനു പത്ത് മാസങ്ങളായിരുന്നു ഉണ്ടായിരുന്നത്. അതനുസരിച്ചായിരുന്നു മാസങ്ങളുടെ പേരുകൾ. ഏഴാമതായി വന്ന മാസത്തിനു അവർ സെപ്റ്റെംബർ എന്ന് വിളിച്ചു. ( സെപ്റ്റെം ലാറ്റിൻ ഭാഷയിൽ ഏഴ്, അതേപോലെ ഓക്റ്റോബർ ( ഒക്റ്റൊ = 8, നൊവെം =9, ഡിസെം =10) ആദ്യമായി പുതുവത്സരം ആഘോഷിച്ചത് ക്രുസ്തുവിനു മുമ്പ് രണ്ടായിരത്തിലാണെന്നു രേഖപ്പെടുത്തിയിരിക്കുന്നു. ചില രേഖകളിൽ ക്രുസ്തുവിനു നാലായിരം വർഷങ്ങൾക്ക് മുമ്പ്, ദിനരാത്രങ്ങൾ തുല്യമായി വരുന്ന ദിവസം പുതുവർഷമായി ബാബിലോണിയക്കാർ ആഘോഷിച്ചതായി കാണുന്നുണ്ട്.ക്രുസ്തുവിനു 700 വർഷങ്ങൾക്ക് മുമ്പ് റോമിലെ രാജാവാണു് (Numa Pontilius ) വർഷത്തെ പന്ത്രണ്ട് മാസങ്ങളായി തിരിച്ചത്. അദ്ദേഹം ജനുവരിയും ഫെബ്രുവരിയും കൂട്ടിച്ചേർക്കുകയും ജനുവരി ആദ്യത്തെ മാസമായി കരുതുകയും ചെയ്തു. മുന്നോട്ടും പുറകോട്ടും മുഖങ്ങളുള്ള ജാനസ് എന്ന റോമാക്കാരുടെ ദൈവത്തിനോടുള്ള ആദരസൂചനയായിട്ടായിരുന്നു ആദ്യത്തെ മാസത്തിനു ജനുവരി എന്ന പേരു നൽകിയത്. അദ്ദേഹമാണു് വർഷത്തെ പന്ത്രണ്ട് മാസങ്ങളായി തിരിച്ചത്. അദ്ദേഹം ജനുവരിയും ഫെബ്രുവരിയും കൂട്ടിച്ചേർത്തു. ജനുവരിയെ ആദ്യത്തെ മാസമായി തീരുമാനിച്ചത് ജൂലിയ്സ് സീസറാണു്.. ജനുവരി ഒന്നിനുള്ള ആഘോഷം മദ്ധ്യകാലഘട്ടത്തിൽ ജനങ്ങൾ ഒഴിവാക്കിയിരുന്നു. അത് അന്യദൈവങ്ങളിൽ വിശ്വസിക്കുന്ന അവിശ്വാസികളുടെ ആഘോഷമായി അവർ കണക്കാക്കി.

പുതുവർഷം ലോകത്തിന്റെ നാനാഭഗത്തും ജനുവരി ഒന്നിനു ആഘോഷിക്കുന്നെങ്കിലും പല രാജ്യകാർക്കും അവരുടേതായ നവവത്സര ദിനങ്ങൾ ഉണ്ട്. ഈജ്പ്റ്റുകാർ സീരയസ് (Sirius) എന്ന നക്ഷത്രത്തിന്റെ ഉദയം നോക്കി അവരുടെ പുതുവർഷം നിശ്ചയിച്ചു. നൈൽ നദി വെള്ളപ്പൊക്കം കൊണ്ട് നിറയുന്ന സമയവും നവവത്സരാരംഭമായി ഈജിപ്റ്റ്കാർ കരുതിയിരുന്നു. പുരാതന ഗ്രീക്കുകാർ സീരിയസ് എന്ന നക്ഷത്ര ദർശനം വരാൻപോകുന്ന ചൂടും വരൾച്ചയുമുള്ള ദിവസങ്ങളുടെ സൂചനയാണെന്ന് ധരിച്ചിരുന്നു. സസ്യലതാദികളെ അതിന്റെ ചൂട് വാട്ടുമെന്നും, പുരുഷന്മാരെ ബലഹീനരാക്കുമെന്നും സ്ത്രീകളെ ഉത്തേജിപ്പിക്കുമെന്നും അവർ ഭയപ്പെട്ടിരുന്നു. ഭാരതം സൂര്യന്റെ അയനങ്ങളെ ആസ്പദമാക്കി പുതുവർഷാരംഭം കുറിച്ചു. കേരളത്തിലെ വിഷു ദിവസം വർഷാരംഭമായി കണക്കാക്കുന്നു അതേസമയം മലയാള പഞ്ചാംഗപ്രകാരം ചിങ്ങമാസം വർഷത്തിലെ ആദ്യമാസമായി കരുതുന്നു. ഗുജറാത്തിൽ ദീപാവലി (അശ്വനി മാസത്തിൽ – ഒക്റ്റോബർ) ആഘോഷങ്ങൾക്കൊപ്പം അവരുടെ പുതുവർഷം കൊണ്ടാടുന്നു. നനാത്വത്തിൽ ഏകത്വമുള്ള ഭാരതത്തിൽ ഓരോ ഭാഷ സംസാരിക്കുന്നവർക്കും അവരുടേതായ പുതുവർഷ ദിനങ്ങൾ.

പുതുവർഷപുലരിക്ക് മറ്റ് ദിവസങ്ങളേക്കാൾ എന്തെങ്കിലും പ്രത്യേകതയുണ്ടെന്ന് പ്രത്യക്ഷത്തിൽ കാണുന്നുല്ലെങ്കിലും ജ്യോതിശാസ്ത്രം അതിനെ ഗണിച്ച് കണക്കാക്കുന്നു. പുലരാൻ പോകുന്ന വർഷം മനുഷ്യരാശിക്ക് എങ്ങനെയായിരിക്കുമെന്ന് നക്ഷത്രങ്ങളുടെ നില നോക്കി ആ വിഷയത്തിൽ

അറിവുള്ളവർ പ്രവചിക്കുന്നു.  ഒരു ദിവസത്തിനു പ്രാധാന്യം കൊടുക്കുമ്പോൾ അതിന്റെ സ്വാധീനം മനുഷ്യരിൽ ഉണ്ടാകും.  അത് കൊണ്ടാണു പലരും ഈ വർഷം മുതൽ ഞാൻ  ഒരു പുതിയ മനുഷ്യനാകും, എന്തെങ്കിലും തിന്മയുണ്ടെങ്കിൽ അതിനെ ഒഴിവാക്കി നന്മയുടെ വശം ചേരുമെന്നൊക്കെ തീരുമാനങ്ങൾ എടുക്കുന്നത്. ഒരാളുടെ ജീവിതത്തിൽ അങ്ങനെ അനവധി പുതുവർഷങ്ങൾ കടന്ന് പോകുമ്പോൾ അവർക്ക് ജീവിതത്തെ ശുദ്ധീകരിച്ച് എടുക്കാം.

ജീവിതത്തിലെ ഓരോ നിമിഷവും, ഓരോ ദിവസവും, ഓരോ വർഷവും ഒരു പരിധിവരെ നമുക്ക് നിയന്ത്രിക്കാവുന്നതാണ്. എബ്രാഹം ലിങ്കൺ പറഞ്ഞു: ഭാവിയുടെ ഗുണം അത് ഓരോ ദിവസമായി വരുന്നുവെന്നാണ്. ശരിയാണു എല്ലാവരും ഭയപ്പെടുന്ന ഭാവി ഒരു ദിവസം മല പോലെ നമ്മുടെ മേൽ മറിഞ്ഞ് വീഴുന്നില്ല. ഓരോ ദിവസമായി വരുന്നു. നാം അതിനൊരുങ്ങാതിരിക്കുമ്പോൾ, അതെപ്പറ്റി അറിയാതിരിക്കുമ്പോൾ ആണു ഒരു ദിവസം നമ്മെ അമ്പരിപ്പിച്ച് കൊണ്ട് ഭാവി പ്രത്യക്ഷപ്പെടുന്നത്. അത്കൊണ്ട് ഇതേപോലെ പുതുവർഷങ്ങൾ വരുമ്പോൾ, പോകുമ്പോൾ നമ്മുടെ ജീവിതത്തെപ്പറ്റി നമുക്ക് കൂടുതൽ ബോധവാന്മാരാകാം. ചിലർക്കൊക്കെ നാളെ വളരെ അടുത്തു എന്നു മനസ്സിലാക്കാം. ചിലർക്ക് അതിനു ദൂരമുണ്ടെന്ന് മനസ്സിലാക്കാം. അതനുസരിച്ച് അവരുടെ സഞ്ചാരവേഗത കൂട്ടാം. അപ്പോൾ നമ്മൾ കാലത്തിനു പിന്നിലാകുന്നില്ല. കാലത്തിനു പിന്നിലാകുന്നതത്രെ ഏറ്റവും ദുസ്സഹമായ അവസ്ഥ. ഒരു വർഷം നമുക്ക് നഷ്ടപ്പെട്ടു, ഒരു പുതുവർഷം കിട്ടി. അതിനെ പൂർണ്ണമായി വിനിയോഗിക്കുക. ഒരു ഹിന്ദി സിനിമയിലെ ഗാനം ഓർമ്മ വരുന്നു. അതിൽ പറയുന്നു, ഇന്നലെ എന്തായിരുന്നു എന്ന് നിനക്കറിയില്ല, നാളെ എന്താണെന്നും അറിയില്ല. എന്തെങ്കിലും അറിയുന്നുണ്ടെങ്കിൽ അത് ഈ നിമിഷമാണ്. **ജീവിച്ചിരിക്കുന്നവരെ ചിന്തിക്കൂ, ഇതാണാ നിമിഷം. നിങ്ങളുടെ ആഗ്രഹങ്ങൾ പൂർത്തീകരിക്കുക. അതായ്ത് നിങ്ങൾക്ക് അറിയുന്ന ഈ നിമിഷം അതിനെ തിരിച്ചറിഞ്ഞ് അത് ബുദ്ധിപൂർവ്വം ഉപയോഗിക്കുക. ഭൂതകാലം ഒരു പക്ഷെ നിറച്ച് തന്ന വിഷാദത്തിന്റെ പാനപാത്രം കമഴ്ത്തികളഞ്ഞ്, ഭാവി പ്രലൊഭിപ്പിച്ച് കൊണ്ട് നീട്ടുന്ന മായാചഷകം എത്തിപിടിക്കാതെ, സ്വന്തം കൈകുമ്പിളിലെ പാനപാത്രം ആസ്വദിക്കുക.

ജീവിതത്തിൽ വിജയം നേടാനായുള്ള ശ്രമം തുടർന്നു കൊണ്ടേയിരിക്കുക. ''ആശാവാദി (Optimist) അർദ്ധരാത്രി വരെ **ഉണർന്നിരിക്കുന്നത്** പുതുവർഷത്തെ എതിരേൽക്കാനാണ്, എന്നാൽ നിരാശാവാദി (Pessimist) അർദ്ധരാത്രി വരെ **ഉറക്കമൊഴിക്കുന്നത്** പഴയ വർഷം കഴിഞ്ഞ്കിട്ടാനാണ്.'' എല്ലാ മനുഷ്യരും ഒരു പോലെ ചിന്തിക്കുന്നില്ല.  എല്ലാവർക്കും അവരുടേതായ ന്യായങ്ങളും, അഭിപ്രായങ്ങളുമുണ്ടായിരിക്കും. അതനുസരിച്ച് അവർ ജീവിക്കുമ്പോൾ അതിന്റെ പ്രതിഫലനം സമൂഹത്തിൽ ഉണ്ടാകുന്നു. നല്ല വ്യക്തികൾ നിറഞ്ഞ സമൂഹം നന്മയാൽ സമ്രുദ്ധമാകും.എല്ലാവരും നന്മയുടെ വഴി സ്വീകരിക്കുമ്പോൾ സമൂഹം നന്നാകുന്നു. ലോകം നന്നാകുന്നു.  എല്ലാവർക്കും അനുഗ്രഹപ്രദമായ പുതുവർഷം നേരുന്നു.

## അനുബന്ധം

### അമേരിക്കൻ മലയാളി എഴുത്തുകാർക്ക് എടുക്കാവുന്ന ചില പുതുവത്സര തീരുമാനങ്ങൾ. (വെറുതെ ചിരിക്കാനും ആനന്ദിക്കാനും വേണ്ടി മാത്രം തയ്യാറാക്കിയത്. പുതുവർഷത്തെ ചിരിച്ച് കൊണ്ട് എതിരേൽക്കുക)

- ധാരാളം വായിക്കണം, അത് അവനവൻ എഴുതിയതായാൽ ഉത്തമം.
- വായിക്കാൻ ആളില്ലെങ്കിലും എഴുതികൊണ്ടേയിരിക്കണം.
- അവാർഡുകൾ കിട്ടിയിട്ടുണ്ടെങ്കിൽ, കിട്ടാൻ അർഹതയുണ്ടെങ്കിൽ പുറത്ത് പറയാതിരിക്കണം. കാരണം അത് കാശ് കൊടുത്ത് വാങ്ങിയതാണന്നേ ജനം പറയൂ. പ്രത്യേകിച്ച് സമ്പന്നനായ

അമേരിക്കൻ മലയാളി എഴുത്തുകാരനേ്റതാകുമ്പോൾ.

- അക്ബർ കക്കട്ടിൽ പറഞ്ഞപോലെ എഴുതാൻ ശ്രമിക്കണം.
- യൗവ്വനകാലത്തെ പടങ്ങൾ രചനക്കൊപ്പം കൊടുക്കണം.
- എഴുതുന്നത് എല്ലാ പ്രസിദ്ധീകരണങ്ങൾക്കും അയക്കണം
- സ്വയം എഴുതാൻ അറിയില്ലെങ്കിൽ ആരെങ്കിലും എഴുതുന്നത് നോക്കി ആ ശൈലിയിൽ എഴുതണം. ഇത് കൊണ്ട് ഒരു ഗുണമുള്ളത് മൗലികമായി എഴുതുന്ന (കോപ്പി അടിക്കപ്പെടുന്ന) ഒരാളുടെ വഴി മുടക്കാമെന്നാണ്. അനുകരിക്കാൻ ഏറ്റവും എളുപ്പമായി നിരൂപണത്തെ കാണണം. അതിനു വായനകാരില്ലാത്തത്കൊണ്ട് പിടിക്കപ്പെടില്ലെന്ന ഉറപ്പിൽ വിശ്വസിക്കണം.
- കഴിയുന്നതും വായനകാർക്ക് മനസ്സിലാകാത്തത് എഴുതണം. മനസ്സിലാകാത്തതൊക്കെ മഹത്വരമാണെന്ന് പാമരന്മാർ കരുതുന്നു.
- അവാർഡുകളല്ലാതെ പ്രതിഫലമായി പണം ഒരിക്കലും പ്രതീക്ഷിക്കാത്ത എഴുത്തുകാർ എന്ന് ചരിത്രം രേഖപ്പെടുത്തുന്ന എഴുത്തുകാരായി ഇഹലോകവാസം വെടിയണം.
- വിദ്യാധരൻ ആരാണെന്ന് അന്വേഷിച്ച് സമയം കളയാതെ അദ്ദേഹം എഴുതുന്നത് എന്താണെന്ന് ശ്രദ്ധിക്കണം.
- ഏതെങ്കിലും എഴുത്തുകാരൻ ഒരു പുതിയ ശൈലിയോ, രചനയോ നടത്തിയാൽ അത് ഞങ്ങൾക്കും സാധിക്കുമെന്ന് പറഞ്ഞ് അതേ പോലെ ഉടനെ എഴുതണം. അങ്ങനെ അനുകരണം നടത്തി അമേരിക്കൻ മലയാളസാഹിത്യത്തിന്റെ മൂല്യം കുറയ്ക്കണം.,
- ഒരാളുടെ രചന നന്നായാൽ അയാളെ അഭിനന്ദിക്കുന്നതിനു പകരം അത് കാശ് കൊടുത്ത് എഴുതിച്ചതാണെന്ന് പറഞ്ഞ് ആത്മനിർവൃതിയടയണം.
- എഴുത്തുകാരി സുന്ദരിയും ചെറുപ്പക്കാരിയും (ചെറുപ്പം പടത്തിൽ കണ്ടാൽ മതി, വയസ്സ് എത്ര തന്നെയായികൊള്ളട്ടെ) ആണെങ്കിൽ അവരുടെ രചന നന്നായാലും മോശമായാലും മൂരിക്കുട്ടന്മാരെപോലെ മുക്രയിട്ട് ഓടി ചെല്ലണം.
- ആരുടേയും കാൽ വന്ദിക്കാതെ സ്വന്തം വ്യക്തിത്വം രചനകളിലും ജീവിതത്തിലും പുലർത്തുന്നുവരെ പരദൂഷണം പറഞ്ഞ് ഒതുക്കാൻ ശ്രമിക്കണം. അതിനുപറ്റിയ ഒരു പരദൂഷണവീരനെ അന്വേഷിച്ച് കണ്ടെത്തി അയാളെ പൂജിച്ച്കൊണ്ടിരിക്കണം.
- മതപരമായോ, വ്യക്തിപരമായോ കാരണങ്ങളാൽ കുറേപേർ ഇഷ്ടപ്പെടുന്നു എന്ന യോഗ്യത കണക്കിലെടുത്ത് ആരെയെങ്കിലും സർവ്വജ്ഞപീഠത്തിൽ കയറ്റിയിരുത്തി അവർ പറയുന്നത്, പ്രത്യേകിച്ച് സാഹിത്യപരമായ കാര്യങ്ങൾ, വേദവാക്യമായി കരുതി അവരെ പൂജിക്കണം.
- നാട്ടിലെ പ്രസിദ്ധീകരണങ്ങൾക്ക് രചനകൾ അയച്ച് കൊടുക്കണം.
- എല്ലാ എഴുത്തുകാരും ഒരു കുടക്കീഴിൽ നിന്നാൽ നനഞ്ഞ് പോകുമെന്നും അതിനേക്കാൾ നല്ലത് എഴുത്തുകാർക്കൊക്കെ കൂടി ഒരു കുട കമ്പനി തുടങ്ങുകയാണെന്നും അഭിപ്രായം പറയണം. കുടകൾ നന്നാക്കാൻ കാരൂർ നീലകണ്ഠപിള്ളയെ ഓർക്കുന്നത് പഴയ മലയാള ക്രുതികൾ പുതിയ തലമുറക്ക് പരിചയപ്പെടുത്താൻ ഉപകരിക്കുമെന്നും അറിയിക്കാൻ ഒരു സമ്മേളനം സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ചിന്തിക്കണം.ഒരു കുടയും കുഞ്ഞുപെങ്ങളുമായി എഴുത്തുകാർ പോകുന്നത് സങ്കൽപ്പിക്കണം. ഒന്നിൽ കൂടുതൽ പെങ്ങൾമാർ ഉള്ളവർ ഒപ്പോളും, കുട്ട്യേടത്തിയും ഒക്കെയുള്ള നാലുകെട്ടും, പണിതീരാത്ത വീടും, മയിലാടുംകുന്നും, ഏണിപ്പടികളും, മഞ്ഞും, വേരുകളും, അയൽക്കാരും, അന്വേഷിച്ച് കണ്ടെത്താൻ പോകണം.
- ഇവിടെ എഴുത്തുകാർ ഇല്ലെന്നും, അങ്ങനെ അറിയപ്പെടുന്നവർ എഴുതുന്നതൊന്നും സാഹിത്യമേന്മയില്ലാത്തതാണെന്നും വേദികളിൽ പ്രസംഗിച്ചും, പത്രങ്ങളിൽ എഴുതിയും സ്വയം വലിയവനാണെന്ന ബോധം ആളുകളിൽ ഉണ്ടാക്കണം. പിന്നീട് മൂന്നാംകിട സാഹിത്യരചനകൾ നടത്തി വിവരമില്ലാത്തവരുടെ കയ്യടി നേടണം.
- മറ്റ് എഴുത്തുകാരുമായി പരമാവുധി സ്പർദ്ധ പുലർത്തണം. എന്നാൽ കാണുമ്പോഴും, കേൾക്കുമ്പോഴും അവരെ സ്നേഹം കൊണ്ട് പൊതിയണം. സ്പർദ്ധ മനസ്സ് കവിഞ്ഞ് പുറത്ത് ചാടുമ്പോൾ അവരെ കൊല്ലുമെന്ന് ഭീഷണി മുഴക്കണം.

ശുഭം

**Aage bhi jaane na tu, pichhe bhi jaane na tu
Jo bhi hai, bas yahi ek pal hai
*******
Jinevaale soch le yahi vaqt hai kar le puri aarazu